"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ വേളം- ആയഞ്ചേരി പ്രദേശത്തെ കോൾ നിലങ്ങളിൽ നെല്ലുൽപാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ബഹുവർഷ പ്രോജക്ടിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.1686/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/09/2020

---

പരാമർശം:- 1 കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23/10/2019ലെ കത്ത്.

2 27/05/2020ലെ കോർഡിനേഷനൻ കമ്മിറ്റി തീരുമാനം നമ്പർ 4.6.

3 24/06/2020ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 2.3(4.6)

ഉത്തരവ്

കോഴിക്കോട് ജില്ലാ പഞ്ചായത്ത്, വേളം ആയഞ്ചേരി പ്രദേശത്ത് വ്യാപിച്ചുകിടക്കുന്ന കോൾനിലങ്ങളിൽ നെല്ലുൽപാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2007-08 വർഷത്തിൽ വേളം - ആയഞ്ചേരി കോൾനിലം വികസന പദ്ധതിക്ക് രൂപം നൽകുകയും, സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ Kerala Land Development Corporation (KLDC)-നെ നിർവ്വഹണത്തിന് ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. 2009 മാർച്ചിൽ പ്രവൃത്തി പൂർത്തീകരിക്കാമെന്ന വ്യവസ്ഥയോടെയാണ് KLDC-യുമായി കരാറിലേർപ്പെട്ടിരുന്നത്. എന്നാൽ പല കാരണങ്ങളാൽ പ്രവൃത്തി യഥാസമയം പൂർത്തീകരിക്കുന്നതിന് KLDC-ക്ക് സാധ്യമായില്ല.

2. പദ്ധതി വിഭാവനം ചെയ്തതിന്റെ 80 ശതമാനത്തോളം മാത്രമേ പൂർത്തീകരിച്ചുള്ളു എന്നതിനാൽ പ്രവൃത്തി സംബന്ധിച്ച് 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ സി & എ.ജി റിപ്പോർട്ടിൽ " ഖണ്ഡിക 4.8 കോൾനിലങ്ങളുടെ വികസനത്തിലുണ്ടായ നിഷ്ഫല ചെലവ്" എന്ന പരാമർശം ഉൾപ്പെടുകയും ആയത് നിയമസഭാസമിതിയുടെ പരിഗണനക്ക് വരികയും ചെയ്തു. 15/05/2019-ന് നിയമസഭാ സമുച്ചയത്തിൽ വച്ച് നടന്ന സിറ്റിംഗിൽ വേളം - ആയഞ്ചേരി പദ്ധതിയിൽ ആവശ്യമായ ബാക്കി പ്രവൃത്തികൾ വരുംവർഷങ്ങളിലെ പ്രോജക്ടിൽ ഉൾപ്പെടുത്തണമെന്ന സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 1 കോടി രൂപ വകയിരുത്തി ബഹുവർഷ പദ്ധതി തയ്യാറാക്കുന്നതിന് ജില്ലാ പഞ്ചായത്ത് തീരുമാനമെടുത്തിരുന്നു. 2019-20-ൽ 42.00 ലക്ഷവും 2020-21-ൽ 58.00 ലക്ഷവും വകയിരുത്തി ജില്ലാ ആസൂത്രണ സമിതി അംഗീകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ വകയിരുത്തിയ തുക KLDC-ക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിനു നിലവിൽ വ്യവസ്ഥയില്ലാത്തതിനാൽ KLDC- യിൽ ഡെപ്പോസിറ്റ് ചെയ്തു പ്രവൃത്തി നടപ്പാക്കാൻ അനുമതി നൽകണമെന്ന കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ ആവശ്യം പരാമർശം 1 പ്രകാരം കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസർ ലഭ്യമാക്കുകയുണ്ടായി .

3. സർക്കാർ ഈ വിഷയം സംസ്ഥാനതല വികേന്ദ്രീകൃത ആസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (4) തീരുമാനത്തിന്റെ അടിസ്ഥാനത്തിലും ഈ പ്രവൃത്തി കൃത്യ സമയത്തുതന്നെ ചെയ്യാമെന്ന യോഗത്തിൽ ഹാജരായ KLDC ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിലും ഇത് സമയബന്ധിതമായി പൂർത്തിയാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നതോടൊപ്പം പ്രവൃത്തിയുടെ 20 ശതമാനം തുക മാത്രമേ അഡ്വാൻസായി നൽകാവൂ എന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, കോഴിക്കോട് ജില്ല.

സെക്രട്ടറി, കോഴിക്കോട് ജില്ലാ പഞ്ചായത്ത്.

ഡയറക്ടർ, കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ, തിരുവനന്തപുരം

ജില്ലാ പ്ലാനിംഗ് ഓഫീസർ, കോഴിക്കോട് ജില്ല.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signature valid
Digitally signed by REENAMMA P A
Date: 2020.09.18 12:44:59 IST
Reason: Approved

സെക്ഷൻ ഓഫീസർ.